**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1795** **05-07-2022 - ൽ മറുപടിയ്ക്ക്**

**കെ.എസ്.ആർ.ടി.സി. യുടെ സഞ്ചിത നഷ്ടം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അനൂപ് ജേക്കബ് | | ശ്രീ ആന്റണി രാജു<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | 2022 മെയ് 31 വരെയുള്ള കെ.എസ്.ആർ.ടി.സി.യുടെ ആകെ സഞ്ചിത നഷ്ടം എത്ര രൂപയെന്ന് വിശദമാക്കാമോ; | (എ) | 2015-2016 സാമ്പത്തിക വർഷം വരെയുള്ള കണക്കുകൾ മാത്രമെ സി.എ.ജി. ആഡിറ്റ് പൂർത്തിയാക്കി അംഗീകാരം ലഭിച്ചിട്ടുള്ളൂ. ആയത് പ്രകാരമുള്ള സഞ്ചിത നഷ്ടം 6048.25 കോടി രൂപ ആകുന്നു.<br><br>2021-2022 വരെയുള്ള ആഡിറ്റ് ചെയ്യാത്ത താൽക്കാലിക കണക്കനുസരിച്ച് സഞ്ചിത നഷ്ടം 15,952.22 കോടി രൂപയാകുന്നു. |
| (ബി) | പ്രസ്തുത നഷ്ടം നികത്താൻ സ്വീകരിച്ചിരിക്കുന്ന പദ്ധതികൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ; | (ബി) | വരവും ചെലവും തമ്മിലുള്ള അന്തരം കുറച്ച് സ്ഥാപനത്തെ സന്തുലിതാവസ്ഥയിൽ എത്തിക്കുന്നതിനായി ഘട്ടംഘട്ടമായി കൂടുതൽ ബസ്സുകൾ നിരത്തിലിറക്കി സർവ്വീസ് നടത്തുന്നതോടൊപ്പം, ടിക്കറ്റിതര വരുമാനം വർദ്ധിപ്പിക്കുന്നതിനായി നിരവധി നൂതന പദ്ധതികളും ആസൂത്രണം ചെയ്തു നടപ്പിലാക്കി വരുന്നു. 2021-22 സാമ്പത്തിക വർഷത്തെ പദ്ധതി വിഹിതമായി സർക്കാർ നൽകിയ 50 കോടി രൂപ വിനിയോഗിച്ച് മൾട്ടി ആക്സിൽ ഉൾപ്പെടെ 116 സൂപ്പർ ക്ലാസ് ബസ്സുകൾ വാങ്ങി കെ.എസ്.ആർ.ടി.സി.-സ്വിഫ്റ്റ് മുഖാന്തിരം അന്തർ സംസ്ഥാന റൂട്ടുകൾ ഉൾപ്പെടെയുള്ള നിരവധി ദീർഘദൂര സർവ്വീസുകൾ ഓപ്പറേറ്റ് ചെയ്യുന്നുണ്ട്. ഇപ്രകാരം പുതിയ ബസ്സുകൾ നിരത്തിലിറക്കിയതുവഴി യാത്രക്കാർക്ക് മെച്ചപ്പെട്ട സൗകര്യങ്ങൾ പ്രദാനം ചെയ്യുന്നതോടൊപ്പം വരുമാന വർദ്ധനവും കൈവരിക്കാൻ കഴിഞ്ഞിട്ടുണ്ട്. ടിക്കറ്റിതര വരുമാനം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി ഉപയോഗ യോഗ്യമല്ലാത്ത ബസ്സുകൾ സ്റ്റാളുകളാക്കി മാറ്റി വിവിധ ഏജൻസികൾക്ക് വാടകയ്ക്ക് നൽകുന്ന ഷോപ്പ് ഓൺ വീൽസ്, പൊതുജനങ്ങൾക്ക് കൂടി കെ.എസ്.ആർ.ടി.സി. പമ്പുകളിൽ നിന്നും ഇന്ധനം ലഭ്യമാക്കുന്നതിനായി യാത്രാ ഫ്യൂവൽസ്, സ്ഥിര യാത്രക്കാർക്ക് മെച്ചപ്പെട്ട സൗകര്യം നൽകുന്ന ബസ്സ് ഓൺ ഡിമാന്റ്, മൂന്നാറിലെത്തുന്ന വിനോദ |

| | | | |
|---|---|---|---|
| | | | സഞ്ചാരികൾക്ക് കുറഞ്ഞ ചെലവിൽ താമസ സൗകര്യം ലഭ്യമാക്കുന്ന സ്ലീപ്പർ ഇൻ ബസ്സ്, വിവിധ വിനോദ സഞ്ചാര കേന്ദ്രങ്ങൾ ബന്ധപ്പെട്ടുത്തിയുള്ള ടൂർ പാക്കേജുകൾ, ല്യൂബ്രിക്കേറ്റിംഗ് ഓയിലുകൾ മിതമായ നിരക്കിൽ ലഭ്യമാക്കുന്ന ല്യൂബ് ഷോപ്പുകൾ, മത്സ്യ വിപണന രംഗത്തെ തൊഴിലാളി സ്ത്രീകൾക്ക് പ്രയോജനപ്രദമായ സമുദ്ര ഉൾപ്പെടെ നിരവധി നൂതന പദ്ധതികളും ആസൂത്രണം ചെയ്ത് നടപ്പിലാക്കുന്നുണ്ട്. ഇതുകൂടാതെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമായി ചേർന്ന് ഗ്രാമവണ്ടി എന്ന പദ്ധതി ആരംഭിയ്ക്കുവാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.<br><br>ഇതിനുപുറമെ ഈ സർക്കാർ 2021-22 സാമ്പത്തിക വർഷത്തിൽ ജീവനക്കാരുടെ ശമ്പളം, പെൻഷൻ, കൺസോർഷ്യം വായ്പ തിരിച്ചടവ് എന്നീ സുപ്രധാന ആവശ്യങ്ങൾക്ക് വായ്പയായി 2037.51 കോടി രൂപ അനുവദിച്ച് നൽകിയിരുന്നു. കൂടാതെ, 2021-22 സാമ്പത്തിക വർഷത്തിൽ നാല് പദ്ധതികളുടെ പൂർത്തീകരണത്തിനായി 87.21 കോടി രൂപയും അനുവദിച്ചിട്ടുണ്ട്. കൂടാതെ ഈ സാമ്പത്തിക വർഷത്തിലെ ബഡ്ജറ്റിൽ സർക്കാർ, കെ.എസ്.ആർ.ടി.സി.യ്ക്ക് വായ്പ ധനസഹായമായി 1000 കോടി രൂപയും, പദ്ധതി വിഹിതമായി 106 കോടി രൂപയും വകയിരുത്തിയിട്ടുണ്ട്. വായ്പ വിഹിതത്തിൽ നിന്നും നാളിതു വരെ 388.56 കോടി രൂപയും കെ.എസ്.ആർ.ടി.സി.യ്ക്ക് സർക്കാർ അനുവദിച്ച് നൽകിയിട്ടുണ്ട്.<br><br>ഓപ്പറേഷൻ ചെലവ് ചുരുക്കി വരുമാനം വർദ്ധിപ്പിക്കുന്ന നൂതന പദ്ധതികൾ ആവിഷ്കരിക്കുകയും ചെലവ് കുറയ്ക്കുകയും വരുമാനം വർദ്ധിപ്പിക്കുകയും ചെയ്തിട്ടുണ്ട്. ശാസ്ത്രീയമായി ട്രിപ്പുകൾ പുനഃക്രമീകരിക്കുകയും ഷെഡ്യൂളുകൾ ക്ലബ്ബ് ചെയ്ത് ലാഭകരമാക്കുകയും വരുമാനം ലഭ്യമാകുന്ന മേഖലകളിൽ കൂടുതൽ സർവ്വീസ് നടത്തിയും പുതിയ കെ.എസ്.ആർ.ടി.സി.-സ്വിഫ്റ്റ് ബസ്സുകൾ ഉപയോഗിച്ച് യാത്രക്കാരെ ആകർഷിച്ച് വരുമാനം വർദ്ധിപ്പിച്ച് സിറ്റി സർക്കുലർ, സിറ്റി ഷട്ടിൽ, സിറ്റി റേഡിയൽ, ബൈപ്പാസ് റൈഡർ, ബഡ്ജറ്റ് ടൂറിസം, സമുദ്ര ബസ് പദ്ധതി എന്നിങ്ങനെ നൂതനമായ സർവ്വീസുകൾ ആവിഷ്കരിച്ചാലും സ്വകാര്യ വാഹനങ്ങളിൽ നിന്നും പബ്ലിക് ട്രാൻസ്പോർട്ടിലേയ്ക്ക് കൂടുതൽ യാത്രക്കാരെ ആകർഷിച്ച് വരുമാന വർദ്ധന സാദ്ധ്യമാവുകയും ചെയ്തിട്ടുണ്ട്. |
| (സി) | നിലവിൽ കെ.എസ്.ആർ.ടി.സി. യുടെ ശരാശരി ദൈനംദിന കളക്ഷൻ എത്രയെന്ന് അറിയിക്കാമോ; | (സി) | നിലവിൽ കെ.എസ്.ആർ.ടി.സി.യുടെ ഒരു ദിവസത്തെ ശരാശരി വരുമാനം 6.20 കോടി രൂപയാണ്. എന്നാൽ ശമ്പളം, ഓവർഡ്രാഫ്റ്റ് |

<table>
<tr><td></td><td>ഒരു ദിവസത്തെ ശരാശരി ചെലവ് എത്ര രൂപയാണ്; വ്യക്തമാക്കാമോ;</td><td></td><td>തിരിച്ചടവ് എന്നിവ ഉൾപ്പടെ ഒരു ദിവസത്തെ ശരാശരി ചെലവുകൾ ഏകദേശം 10.67 കോടി രൂപ വരും. ശരാശരി പ്രതിദിന ചെലവുകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.<br><br>(തുക കോടിയിൽ)<br><br><table>
<tr><th>ഇനം</th><th>തുക</th></tr>
<tr><td>ഡീസൽ & ല്യൂബ്</td><td>3.38</td></tr>
<tr><td>ശമ്പളം</td><td>3.20</td></tr>
<tr><td>ഓവർഡ്രാഫ്റ്റ് തിരിച്ചടവ്</td><td>1.68</td></tr>
<tr><td>കൺസോർഷ്യം വായ്പ തിരിച്ചടവ്</td><td>1.00</td></tr>
<tr><td>ബഹു. കോടതി നിർദ്ദേശാനുസരണം പെൻഷൻ നൽകാനായി മാറ്റി വെക്കുന്ന തുക</td><td>0.50</td></tr>
<tr><td>പ്രോവിഡന്റ് ഫണ്ട്</td><td>0.10</td></tr>
<tr><td>എം.എ.സി.റ്റി.</td><td>0.10</td></tr>
<tr><td>സ്പെയർ പാർട്സ്</td><td>0.26</td></tr>
<tr><td>ഇലക്ട്രിസിറ്റി / വാട്ടർ / വാടക ഇനത്തിലെ ചെലവുകൾ</td><td>0.18</td></tr>
<tr><td>ജീവനക്കാരുടെ അലവൻസുകൾ</td><td>0.18</td></tr>
<tr><td>ടോൾ, നികുതി ചാർജ്ജുകൾ</td><td>0.09</td></tr>
<tr><td>ആകെ</td><td>10.67</td></tr>
</table></td></tr>
<tr><td>(ഡി)</td><td>ഗ്യാരന്റി കമ്മീഷനായി കെ.എസ്.ആർ.ടി.സി. സർക്കാരിന് അടയ്ക്കേണ്ട തുക എത്രയെന്ന് വിശദമാക്കാമോ?</td><td>(ഡി)</td><td>31.03.2022-ലെ കണക്കുപ്രകാരം പലിശ ഉൾപ്പെടെ 103.25 കോടി രൂപ ഗ്യാരന്റി കമ്മീഷൻ ഇനത്തിൽ സർക്കാരിന് അടക്കാനുണ്ട്.</td></tr>
</table>

സെക്ഷൻ ഓഫീസർ